**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3540** **12-03-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ആലപ്പുഴ ജില്ലയിൽ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിനായി എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | ലഭ്യമായ കണക്കുകൾ പ്രകാരമുള്ള 51 അപേക്ഷകളിൽ 29 എണ്ണം തീർപ്പ് കൽപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ലഭ്യമായ അപേക്ഷകളിൽ എത്ര അപേക്ഷകളിലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരമുള്ള 51 അപേക്ഷകളിൽ 29 എണ്ണം തീർപ്പ് കൽപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | തീർപ്പുകൽപ്പിക്കാൻ കഴിയാത്ത അപേക്ഷകൾ എന്ത് കാരണത്താലാണ് നിരസിച്ചത് എന്ന വിവരം ലഭ്യമാക്കാമോ? | (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2(xiv) പ്രകാരമുള്ള 'പൊതു ആവശ്യം' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരാത്തതും, ബി.റ്റി.ആർ/ ഡാറ്റാ ബാങ്കിൽ തണ്ണീർത്തടം എന്ന് ഉൾപ്പെട്ടിട്ടുള്ളതും , പരിവർത്തനാനുമതിയ്ക്ക് അപേക്ഷിച്ചിട്ടുള്ള ഭൂമിയുടെ സമീപ പ്രദേശത്തെ നെൽകൃഷിയ്ക്കും, ജലനിർഗ്ഗമന മാർഗ്ഗങ്ങൾക്കും തടസ്സമാകുമെന്ന് ബോധ്യമാകുന്ന സാഹചര്യത്തിലുമാണ് അപേക്ഷകൾ സാധാരണയായി നിരസിക്കുന്നത്. |

സെക്ഷൻ ഓഫീസർ